File No.EXC/5505/2020-XC4

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 22/12/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC43/2020/EXCISE**

വിഷയം: സ്പിരിറ്റ്/മദ്യം എന്നിവ സംസ്ഥാനത്തിൽ കൂടി കടത്തിക്കൊണ്ട് പോകുന്നതിനുള്ള മാർഗനിർദേശങ്ങൾ- സംബന്ധിച്ച്.

സൂചന: കേരള പോലീസ് ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി യുടെ 09/12/2020 തീയതിയിലെ G6- 72579/2019/SB നമ്പർ കത്ത്.

സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന സ്പിരിറ്റ് , മദ്യം മുതലായവയ്ക്ക് അകമ്പടി പോകുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ എണ്ണം നിലവിൽ അപര്യാപ്തമാണെന്നും ആയത് മദ്യത്തിൽ മായം ചേർക്കുന്നതിലേക്കും അതു വഴി മദ്യദുരന്തം പോലെയുള്ള അനിഷ്ട സംഭവങ്ങളിലേക്ക് നയിച്ചേക്കാമെന്നും കേരള പോലീസ് ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് . ആയതിനാൽ ലൈസൻസുകൾ / പെർമിറ്റുകൾ എന്നിവയോട് കൂടി സംസ്ഥാനത്തിനകത്ത് കൂടി കടത്തി കൊണ്ട് പോകുന്ന സ്പിരിറ്റ്, മദ്യം തുടങ്ങിയവ സുരക്ഷിതമായി നിശ്ചിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിനായി ഇനിപ്പറയുന്ന മുൻകരുതലുകൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും കൈകൊള്ളേണ്ടതാണ് .

1) ലൈസൻസുകൾ/ പെർമിറ്റുകൾ എന്നിവപ്രകാരമുള്ള സ്പിരിറ്റ് / മദ്യം പ്രവേശന (entry) ചെക്ക്പോസ്റ്റിൽ എത്തിയാൽ ഉടൻ ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ വിവരം അറിയിക്കേണ്ടതും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ടി ഡിവിഷനിൽ നിന്ന് ആവശ്യമായ എക്സൈസ് ഉദ്യോഗസ്ഥരെ വാഹനത്തിൻറെ എസ്കോർട്ട് ഡ്യൂട്ടിക്കായി ചെക്ക്പോസ്റ്റിലേക്ക് നിയോഗിക്കേണ്ടതുമാണ് . ചെക്ക് പോസ്റ്റിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ തന്നെ വാഹനത്തിനു എസ്കോർട്ട് പോകുന്നതിനായി നിയോഗിക്കുന്ന നിലവിലെ പ്രവണത ചെക്ക് പോസ്റ്റിന്റെ ഫലപ്രദമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ആയത് ഉടൻ തന്നെ അവസാനിപ്പിക്കേണ്ടതാണ് . അകമ്പടിക്കായി എക്സൈസ് ഉദ്യോഗസ്ഥർ എത്തിയ ശേഷം മാത്രം വാഹനം പുറപ്പെടാൻ അനുവദിക്കേണ്ടതും എന്നാൽ ഈ കാരണത്താൽ ഇത്തരം വാഹനങ്ങൾ പുറപ്പെടാൻ കാലതാമസം വരുന്നില്ലെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

2) ഫീൽഡ് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ ചുവടെ പറയുന്ന രീതിയിൽ എക്സൈസ് എസ്കോർട്ട് ഡെപ്യൂട്ടി എക്സൈസ്

കമ്മീഷണർ ക്രമീകരിക്കേണ്ടതാണ്-

i) സ്പിരിറ്റ്/മദ്യവുമായി പോകുന്ന ഓരോ വാഹനത്തിനും രണ്ട് സിവിൽ എക്സൈസ് ഓഫീസർമാർ അകമ്പടി സേവിക്കേണ്ടതാണ്..

ii) വാഹനങ്ങളുടെ എണ്ണം രണ്ടോ അതിൽ അധികമോ ആണെങ്കിൽ രണ്ട് സിവിൽ എക്സൈസ് ഓഫീസറും ഒരു പ്രിവന്റീവ് ഓഫീസറും അകമ്പടി സേവിക്കേണ്ടതാണ്.

3) വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ , വാഹനങ്ങളുടെ ഡ്രൈവർമാരുടെ പേര് , വാഹനത്തിന് അകമ്പടി പോകുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ പ്രവേശന ചെക്ക് പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണം.

4) വാഹനം ലക്ഷ്യസ്ഥാനത്ത് / നിർഗമന (exit) ചെക്ക്പോസ്റ്റിൽ എത്തുമ്പോൾ, ലക്ഷ്യസ്ഥാനത്തിന്റെ / നിർഗമന ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥൻ വാഹനം പരിശോധിച്ച് ആയത് ലക്ഷ്യ സ്ഥാനത്ത് എത്തിയ വിവരം പ്രവേശന ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും ആയത് പ്രവേശന ചെക്ക് പോസ്റ്റിലെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5) ലക്ഷ്യസ്ഥാനത്തിന്റെ / നിർഗമന ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥൻ, വാഹനത്തിനോപ്പം മതിയായ എക്സൈസ് ഉദ്യോഗസ്ഥർ അകമ്പടിയായി ഉണ്ടായിരുന്നു എന്ന് ഉറപ്പാക്കേണ്ടതും ടി വിവരംന പ്രവേശന ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.

6) ഓരോ ഡിവിഷനിലെയും ഹൈവേ പട്രോളിംഗ് ടീമും, കൺട്രോൾ റൂം പാർട്ടികളും അവരുടെ അധികാരപരിധിയിലൂടെ കടന്നുപോകുന്ന ഇത്തരം വാഹനങ്ങൾ പരിശോധിക്കുകയും യാത്രയിലുടനീളം ചരക്കിനൊപ്പം എക്സൈസ് ഉദ്യോഗസ്ഥരുടെ അകമ്പടി സംഘവും ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020 12 22 55 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

സ്വീകർത്താവ്:

1) ജേയന്റ് എക്സൈസ് കമ്മീഷണർ (എല്ലാ മേഖലകളും)

2) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും)-

നടപടികൾക്കും, ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പകർപ്പ് നൽകുന്നതിനുമായി.